# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2307

08.12.2015 ൽ മറുപടിയ്ക്ക്

## അപക്സ് സഹകരണ സംഘങ്ങളിലെ പി.എസ്.സി.ക്ക വിട്ട നിയമനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.വി. രാജേഷ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ അപെക്സ് സഹകരണ സംഘങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.യ്ക്ക് വിട്ടതെപ്പോഴാണ്; വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ അപെക്സ് സഹകരണ സംഘങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.യ്ക്ക് വിട്ടത് 25.04.1995 മുതൽ പ്രാബല്യത്തിലാണ്. സംസ്ഥാനത്തെ പതിനാല് ജില്ലാ സഹകരണ ബാങ്കുകളിലെയും 1969 ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 80 ഉപവകുപ്പ് (3 എ) യുടെ അനുബന്ധപട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള അപ്പക്സ് സഹകരണ സ്ഥാപനങ്ങളിലെയും നേരിട്ട് നിയമനം നടത്തുന്നതിനായി നിശ്ചയിച്ചിട്ടുള്ള തസ്തികകളിലെ നിയമനങ്ങൾ പി.എസ്.സി. മുഖേന ആയിരിക്കണമെന്ന് 1969 ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 80 ഉപവകുപ്പ് (3 എ) ൽ 25.04.1995 മുതൽ പ്രാബല്യത്തിൽ സർക്കാരിന്റെ 29.04.1995 ലെ 0434/ലെജി.ബി2/95/ലാ നമ്പർ വിജ്ഞാപന പ്രകാരമാണ് നിയമ വ്യവസ്ഥ നിലവിൽ വന്നിട്ടുള്ളത്. |
| (ബി) നിയമനങ്ങൾ പി.എസ്.സി. യ്ക്ക് വിട്ട സഹകരണ സ്ഥാപനങ്ങളിൽ സ്പെഷ്യൽ റൂൾസ് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള തടസ്സമെന്താണ്; ഏതൊക്കെ സ്ഥാപനങ്ങളിലാണ് സ്പെഷ്യൽ റൂൾസ് തയ്യാറാക്കിയിട്ടില്ലാത്തത്; | (ബി) നിയമനങ്ങൾ പി.എസ്.സി. യ്ക്ക് വിട്ടതും സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ളതുമായ സഹകരണ സ്ഥാപനങ്ങളിൽ 14 ജില്ലാ സഹകരണ ബാങ്കുകളിലെയും കേരള സംസ്ഥാന സഹകരണ ബാങ്ക്, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷൻ |

| | |
|---|---|
| | (കൺസ്യൂമർഫെഡ്), കേരള സ്റ്റേറ്റ് ഫെഡറേഷൻ ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് ഡെവലപ്‌മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുടെ സ്പെഷ്യൽ റൂൾസ് തയ്യാറാക്കി പി.എസ്.സി. അംഗീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ സ്പെഷ്യൽ റൂൾസ് പ്രാബല്യത്തിൽ വന്നിട്ടില്ലാത്ത കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ലിമിറ്റഡ്, കേരള സംസ്ഥാന സഹകരണ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്, കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് എന്നീ സഹകരണ സ്ഥാപനങ്ങളിലെ സ്പെഷ്യൽ റൂൾസ് പി.എസ്.സി. യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആയത് സഹകരണ നിയമ ചട്ടവ്യവസ്ഥകൾക്ക് വിധേയമാക്കി അംഗീകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) സ്പെഷ്യൽ റൂൾസ് തയ്യാറാക്കി പി.എസ്.സി.-യ്ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) സ്പെഷ്യൽ റൂൾസ് തയ്യാറാക്കി പി.എസ്.സി.യ്ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ